പതിമൂന്നാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2300 23.03.2012 ൽ മറുപടിക്ക്

സംസ്ഥാന ചലച്ചിത്ര മേളയിൽ ഒഴിവാക്കിയ ചിത്രത്തിന് ദേശീയാംഗീകാരം.

| ചോദ്യം<br>ശ്രീ . വി.ശിവൻ കുട്ടി. | | മറുപടി<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈസർക്കാർ അധികാരമേറ്റതിനു ശേഷം സംസ്ഥാനത്ത് നടത്തിയ ചലച്ചിത്രോത്സവത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടഏതെങ്കിലും ചലച്ചിത്രത്തിന് ദേശീയ ചലച്ചിത്രോത്സവത്തിൽ എന്തെങ്കിലുംഅംഗീകാരം ലഭിച്ചിട്ടുണ്ടോ; | (എ) | മത്സര വിഭാഗത്തിൽ സമർപ്പിച്ച അപൂർണ്ണമായ ഒരു ചിത്രത്തിനു ഇതിനുശേഷം നടത്തിയ ദേശീയ ചലച്ചിത്രോത്സവത്തിൽ ജ്യൂറിയുടെ പ്രത്യേക പരാമർശം ലഭിച്ചതായി അറിയുന്നു. |
| (ബി) | ഉണ്ടെങ്കിൽ ഏതു ചലച്ചിത്രത്തിനാണ്; | (ബി) | ആദിമദ്ധ്യാന്തം |
| (സി) | പ്രസ്തുത ചലച്ചിത്രം സംസ്ഥാനത്ത് നടന്ന ചലച്ചിത്രോത്സവത്തിൽ നിന്ന് ഒഴിവാക്കപ്പെട്ട സാഹചര്യം വിശദമാക്കാമോ? | (സി) | പൂർണ്ണമായ ഡിവിഡി അപേക്ഷയോടൊപ്പം സമർപ്പിക്കാത്തതിനാലാണ് ഈ ചലച്ചിത്രത്തെ പതിനാറാമത് ഇന്റർ നാഷണൽ ചലച്ചിത്രോത്സവത്തിൽ നിന്നും ഒഴിവാക്കിയത്. അക്കാദമിയുടെ ഈ തീരുമാനത്തിനെതിരെ ചിത്രത്തിന്റെ നിർമ്മാതാവ് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും ഹൈക്കോടതി അക്കാദമിയുടെ തീരുമാനം അംഗീകരിക്കുകയും ചെയ്തു എന്നിരുന്നാലും പിന്നീട് പൂർത്തീകരിക്കപ്പെട്ട ആ ചിത്രം ഒരു നവാഗത സംവിധായകനെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഫെസ്റ്റിവലിൽ പ്രദർശിപ്പിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ